ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ മാവൂര ഒരു ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കണമെന്ന ആവശ്യത്തെക്കുറിച്ച് സാധ്യതാപഠന റിപ്പോർട്ടും സഹലഭ്യതാ റിപ്പോർട്ടും സമർപ്പിക്കുവാൻ കോഴിക്കോട് ഡി.റ്റി.പി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മുനമ്പം ബീച്ചിലെ ടോയ്‌ലറ്റ് കോംപ്ലക്സ്

317(1018) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പം ബീച്ചിൽ സഞ്ചാരികൾക്കായി ആരംഭിച്ച ടോയ്‌ലറ്റ് കോംപ്ലക്സിന്റെ പ്രവർത്തനം അനിശ്ചിതമായി തടസ്സപ്പെട്ടുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ബി) എത്ര നാളുകളായി ഈ അനിശ്ചിതാവസ്ഥ തുടരുന്നെന്നും എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ പ്രോജക്ടിന്റെ നടത്തിപ്പവകാശം നൽകിയിട്ടുള്ള കരാറുകാരന് നോട്ടീസ് അയക്കുകയും കരാറുകാരൻ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പുതിയ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ടെണ്ടർ സമർപ്പിക്കുന്നതിനുള്ള കാലാവധി 2016 ഫെബ്രുവരി 5 ആയി നിശ്ചയിച്ചിട്ടുമുണ്ട്.

(ബി) 2015 ഒക്ടോബർ മുതൽ 2016 ജനുവരി വരെയുള്ള കാലയളവിൽ ഭാഗികമായി പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്. പുതിയ ടെണ്ടർ നടപടികൾ പൂർത്തിയായാൽ ഉടൻതന്നെ പ്രവർത്തനം പുനരാരംഭിക്കുന്നതാണ്.

യഥാസമയം നടപ്പിലാക്കാൻ കഴിയാതിരുന്ന പദ്ധതികൾ

318(1019) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെയുള്ള ഓരോ വർഷവും കേന്ദ്ര ടൂറിസം മന്ത്രാലയം വഴി സംസ്ഥാന ടൂറിസം വകുപ്പ് നേടിയെടുത്ത പദ്ധതികൾ ഏതൊക്കെയാണ്, ഓരോ പദ്ധതിക്കും ലഭിച്ച കേന്ദ്രസഹായ തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly